ഡിസ്റ്റർബൻസ് ഓഫ് മീറ്റിംഗ് ആക്ട് 1961 (ആക്ട് 35/61) പ്രകാരമുള്ള കുറ്റങ്ങളുമാണ് ചുമത്തിയിരുന്നത്.

(സി) ക്രൈം നം. 191/94 ലെ പ്രതികൾ ബേബി, നാരായണൻകുട്ടി എന്നിവരും ക്രൈം. 195/94 ലെ പ്രതികൾ ചാക്കോ, രാജൻ, ജോർജ്, സജി, കനകാംബരൻ എന്നിവരുമായിരുന്നു,

(ഡി) പൊതുതാല്പര്യം കണക്കിലെടുത്താണ് കോടതിയുടെ അനുമതിയോടെ ഈ കേസ്സുകൾ പിൻവലിച്ചത്.

53 (1413) ഇ.പി. ജയരാജൻ വധശ്രമ കേസ്സ്

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എം.എം.എൽ. ഇ.പി. ജയരാജനെ വധിക്കാൻ ശ്രമിച്ച കേസ്സിലെ പ്രതിയായ വിക്രംചാലിൽ ശശി കൊല്ലപ്പെട്ടത് എന്നാണ്;

(ബി) എപ്രകാരം എവിടെവെച്ചാണ് ശശി കൊല്ലപ്പെട്ടത്;

(സി) ശശി കൊല്ലപ്പെട്ട ബസ്സിൽ എത്ര യാത്രക്കാർ ഉണ്ടായിരുന്നു; ശശിയെ വധിച്ച സംഭവത്തിന് ദൃക്സാക്ഷികൾ ഉണ്ടോ;

(ഡി) ഈ കേസ്സിലെ പ്രതികൾ ആരെല്ലാമാണ്; അവരെ അറസ്റ്റ് ചെയ്തുവോ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന് കാരണമെന്ത്?

ഉത്തരം

(എ) 23.2.1999-ൽ.

(ബി) ബസ്സ് യാത്രചെയ്യവേ കൂത്തുപറമ്പ് ശങ്കർ ടാക്കീസിന് മുൻവശം യാത്രക്കാർക്ക് ഇറങ്ങാൻ ബസ്സ് നിർത്തിയ സമയം അതേ ബസ്സിൽ യാത്രചെയ്തിരുന്ന അക്രമികളുടെ വെട്ടും കുത്തും ഏറ്റാണ് ശശി കൊല്ലപ്പെട്ടത്.

(സി) ബസ്സിൽ സുമാർ 35 യാത്രക്കാരുണ്ടായിരുന്നു. ശശിയെ വധിച്ച സംഭവത്തിന് ദൃക്സാക്ഷികൾ ഉണ്ട്.

(ഡി)&(ഇ) പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നു.

54 (1414) കേസ്സ് അന്വേഷണം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 150/98-ാം നമ്പർ കേസ്സിന്റെ അന്വേഷണ നടപടികൾ പൂർത്തിയായോ;

(ബി) മരണപ്പെട്ട ബഷീർ മകൻ പരീക്കുട്ടി എവിടെ കിടന്നാണ് മരിച്ചത് എന്നും എന്നാണ് മരണപ്പെട്ടത് എന്നും അറിയിക്കുമോ; പോസ്റ്റ്മോർട്ടം

LIBRARY ARCHIVES Kerala Legislative Assembly